## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 455 11.06.2013 ൽ മറുപടിക്ക്**

**<u>ഫൈബർ ബോട്ടുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പ് എത്ര ഫൈബർ ബോട്ടുകൾ വാങ്ങിയിട്ടുണ്ടെന്നും ഈ ബോട്ടുകൾ ഇപ്പോഴും സർവ്വീസ് നടത്തുന്നുണ്ടോ എന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ജല ഗതാഗത വകുപ്പ് 10 ഫൈബർ ബോട്ടുകൾ മെ.കെ.എസ്.ഐ.എൻ.സി. ലിമിറ്റഡ് മുഖേന പണികഴിപ്പിച്ചിരുന്നു. എന്നാൽ ടി ബോട്ടുകളുടെ നിർമ്മാണത്തിനുപയോഗിച്ച ഫൈബറിന്റെ ഗുണമേന്മ കുറവായതിനാൽ ടി ബോട്ടുകൾ സർവ്വീസിൽ നിന്നും പിൻവലിച്ചിരിക്കുകയാണ്. |
| (ബി) | ഓരോ ബോട്ടിനും എത്രരൂപ വീതം ചെലവഴിച്ചിട്ടുണ്ട് എന്നും ഫൈബർ ബോട്ടുകൾ വാങ്ങാൻ ആകെ എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) | ഫൈബർ ബോട്ട് ഒന്നിന് 35 ലക്ഷം രൂപയായിരുന്നു വില. ടി ബോട്ടുകൾ വാങ്ങിയ വകയിൽ വകുപ്പിന് ആകെ 3,79,60,000/- രൂപ ചെലവായിട്ടുണ്ട്. |
| (സി) | ഫൈബർ ബോട്ടുകൾ സുരക്ഷിതമല്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈക്കൊണ്ടിട്ടുള്ള നടപടികളെന്തെന്ന് വ്യക്തമാക്കുമോ; | (സി) | മെ.കെ.എസ്.ഐ.എൻ.സി വകുപ്പിന് പണികഴിപ്പിച്ചു നൽകിയ ഫൈബർ ബോട്ടുകൾ കായൽപ്പരപ്പിൽ ആടി ഉലയുന്നതിനാൽ, ടി ബോട്ടുകൾ ഓടിക്കുന്നത് സുരക്ഷിതമല്ലെന്നത് സംബന്ധിച്ച് വകുപ്പിലെ ജീവനക്കാർ പരാതി |

| | | | |
|---|---|---|---|
| | | (സി) | സമർപ്പിച്ചിരുന്നു. ടി ബോട്ടുകളുടെ ഘടന സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ നിയോഗിച്ച എക്സ്പേർട്ട് കമ്മിറ്റിയും ടി ബോട്ടുകൾ സർവ്വീസ് യോഗ്യമല്ല എന്ന് റിപ്പോർട്ട് നലകിയിരുന്നു. കൂടാതെ ഫൈബറിന്റെ പരിശോധനക്കായി സർക്കാർ അനുമതി പ്രകാരം, മദ്രാസ് ഐ.ഐ.റ്റി മുഖേന നടത്തിയ ടെസ്റ്റ് റിസൾട്ട് പ്രകാരം ടി ഫൈബറുകൾക്ക് ഗുണമേന്മ ഉള്ളതല്ലെന്നും, ടി ബോട്ടുകൾ സർവ്വീസ് നടത്തുന്നത് സാഹസികമാണെന്നും അറിയിച്ചിരുന്നു.<br>യാത്രക്കാരുടെ സുരക്ഷയ്ക്ക് വകുപ്പ് മുന്തിയ പ്രാധാന്യം നല്കുന്നതു കൊണ്ട് യാത്രാ ബോട്ടുകളായി ടി ബോട്ടുകൾ ഉപയോഗിക്കാൻ സാധിക്കാതെ വന്നതിനാൽ ടി ബോട്ടുകൾ സർവ്വീസിൽ നിന്നും പിൻവലിച്ചിരിക്കുകയാണ്. ടി സാഹചര്യത്തിൽ മറ്റ് സർക്കാർ വകുപ്പിലെ യാത്രാ ആവശ്യങ്ങൾക്ക് അല്ലാതെയുള്ള ഉപയോഗങ്ങൾക്ക് ടി ബോട്ടുകൾ ഉപയോഗി ക്കുന്നതിനുള്ള സാദ്ധ്യതകൾക്കായി വകുപ്പ് കൺസ്യൂമർഫെഡുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ ടി സ്ഥാപനത്തിന്റെ സാങ്കേതിക വിദഗ്ദരും പ്രസ്തുത ആവശ്യങ്ങൾക്ക് ടി ബോട്ടുകൾ ഉപയോഗിക്കുവാൻ സാധ്യമല്ല എന്ന് ഉപദേശിച്ചതായി അറിയിച്ചിട്ടുണ്ട്. |
| (ഡി) | കൂടുതൽ ഫൈബർ ബോട്ടുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ